**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1283** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നത വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ 10 വർഷത്തിനിടയിൽ അടച്ച് പൂട്ടിയ എത്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ആയതിൽ പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ എത്ര വീതമാണെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കഴിഞ്ഞ 10 വർഷത്തിനിടയിൽ സർക്കാർ/എയിഡഡ് മേഖലയിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ അടച്ച് പൂട്ടിയിട്ടില്ല. സർക്കാർ നിയന്ത്രിത സ്ഥാപനമായ ഐ.എച്ച്.ആർ.ഡി-യുടെ കീഴിലുള്ള 3 ആർട്സ് & സയൻസ് കോളേജുകൾ (കോളേജ് ഓഫ് അപ്ലൈഡ് സയൻസ് നെടുങ്കണ്ടം, കോളേജ് ഓഫ് അപ്ലൈഡ് സയൻസ് കട്ടപ്പന, കോളേജ് ഓഫ് അപ്ലൈഡ് സയൻസ് മലപ്പുറം) ഇക്കാലയളവിൽ അടച്ച് പൂട്ടിയിട്ടുണ്ട്. സർക്കാർ നിയന്ത്രണത്തിലുള്ള എൽ.ബി.എസ് സെന്ററിന്റെ ഒരു മേഖല കേന്ദ്രവും 8 ഉപകേന്ദ്രങ്ങളും നഷ്ടത്തിൽ പ്രവർത്തിച്ചതിനാൽ നിർത്തലാക്കിയിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ തൃശ്ശൂർ, തുറവൂർ പ്രാദേശിക കേന്ദ്രങ്ങൾ ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അഭാവം മൂലം സിൻഡിക്കേറ്റ് തീരുമാനപ്രകാരം നിർത്തലാക്കിയിട്ടുണ്ട്.

**(ബി)** കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉന്നത വിദ്യാഭ്യാസത്തിനായി അന്യസംസ്ഥാനത്തേക്കും വിദേശത്തേക്കും വിദ്യാർത്ഥികളുടെ അഭൂതപൂർവ്വമായ ഒഴുക്ക് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രവണതകളും നിലവാര തകർച്ചകളും കാരണമാണോ ഇങ്ങനെ ഒരു സ്ഥിതി വിശേഷം സംജാതമായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉന്നത വിദ്യാഭ്യാസത്തിനായി അന്യസംസ്ഥാനങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും വിദ്യാർത്ഥികളുടെ ഒഴുക്ക് വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥി കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. തുടർപഠനത്തിനും തൊഴിലിനുമായി ഇന്ത്യയിൽ നിന്ന് വിവിധ വിദേശ രാജ്യങ്ങളിലേയ്ക്ക് വിദ്യാർത്ഥികൾ കുടിയേറുന്നതായി India Migration Report ഉൾപ്പെടെയുള്ള വിവിധ പഠനങ്ങളും റിപ്പോർട്ടുകളും സൂചിപ്പിക്കുന്നു. ഈ പ്രവണത ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രകടമാണ്.

മികച്ച വിദ്യാഭ്യാസ-ഗവേഷണ സൗകര്യങ്ങൾ, ആഗോള തൊഴിൽ സാധ്യതകൾ, അന്താരാഷ്ട്ര എക്സ്പോഷർ, പഠനാനന്തര തൊഴിൽ/സ്ഥിരതാമസ അവസരങ്ങൾ തുടങ്ങിയ വിവിധ ഘടകങ്ങളാണ് വിദ്യാർത്ഥി കുടിയേറ്റത്തിന് കാരണമായി വിലയിരുത്തപ്പെടുന്നത്.

**(സി)** ഉന്നത വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വിദ്യാർത്ഥികൾക്ക് മികച്ച പഠന, ഗവേഷണ, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ സമഗ്രമായ പരിഷ്കാര നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അക്കാദമിക് പലായനം കുറയ്ക്കുന്നതിനും പ്രാഗത്ഭ്യമുള്ള വിദ്യാർത്ഥികളെ കേരളത്തിൽ നിലനിർത്തുന്നതിനുമായി ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിനും, ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനും, മാറുന്ന തൊഴിൽസാധ്യതകൾക്ക് അനുസൃതമായി പാഠ്യപദ്ധതികളും നൈപുണ്യ വികസന പരിപാടികളും പരിഷ്കരിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

കൂടാതെ, നിർമ്മിത ബുദ്ധി (Artificial Intelligence), ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബയോടെക്നോളജി തുടങ്ങിയ അത്യാധുനിക മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി Future Readiness Think Tank രൂപീകരിക്കുന്നതിനും, വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനായി ജവഹർലാൽ നെഹ്റു സയന്റിഫിക് സെന്ററുകൾ സ്ഥാപിക്കുന്നതിനും, വിദ്യാർത്ഥികളെയും വ്യവസായ മേഖലയെയും ബന്ധിപ്പിക്കുന്ന സംസ്ഥാനവ്യാപക Apprenticeship Exchange Platform വികസിപ്പിക്കുന്നതിനും, "സെമസ്റ്റർ ഇൻ കേരള" പദ്ധതി നടപ്പിലാക്കി അക്കാദമിക് ടൂറിസം ശക്തിപ്പെടുത്തുന്നതിനും, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിലുള്ള Centres of Excellence പ്രവർത്തനസജ്ജമാക്കി ഭരണം, ഗവേഷണം, അക്കാദമിക നിലവാരം എന്നിവ ശക്തിപ്പെടുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**